LIBRARY ARCHIVES Kerala Legislative Assembly

റവന്യൂകമ്മി സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

136 (482) ശ്രീ. സി. കെ. സദാശിവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷമുള്ള ഓരോ സാമ്പത്തിക വർഷത്തെയും യഥാർത്ഥ റവന്യൂ കമ്മി, ധനകമ്മി, പ്രാഥമിക കമ്മി, അധികവിഭവ സമാഹരണം, പദ്ധതിയേതര റവന്യൂശിഷ്ടവും സംബന്ധിച്ച് സ്റ്റേറ്റ്മെന്റ് വിശദ മാക്കാമോ ;

(ബി) മേൽപ്പറഞ്ഞ ഓരോ വർഷത്തെയും സംസ്ഥാനത്തിന്റെ ആഭ്യന്തര വരുമാനം (GSDP), പ്രതിശീർഷ വരുമാനം (per capita income) എന്നിവ എത്രയായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഓരോ സാമ്പത്തിക വർഷത്തേയും യഥാർത്ഥ കണക്കുകളെ അടിസ്ഥാനപ്പെടുത്തിയുള്ള വിവിധ ധന സൂചകങ്ങളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.**

നികുതി പിരിവ്

137 (483) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ വിശദാംശങ്ങൾ വർഷം തിരിച്ച് നൽകുമോ ;

(ബി) കേരളത്തിലെ പ്രധാന ചെക്ക്പോസ്റ്റുകളിലൂടെ ലഭിച്ച തുക വർഷം തിരിച്ച് നൽകുമോ ;

(സി) 2006-2011 വരെ നികുതിയിനത്തിൽ പിരിച്ചെടുത്ത തുകയുടെ കണക്ക് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലഭ്യമായ കേന്ദ്ര നികുതി വിഹിതം ഉൾപ്പെടെയുള്ള നികുതി വരുമാനത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്